**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **5861**

**30-7-2015** ലെ മറുപടിക്ക്

**മെഡിക്കൽ കോളേജ് കാറ്ററിംഗ് വർക്കേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിലെ പണാപഹരണം**

| **ചോദ്യം**<br>ശ്രീ. സി.പി.മുഹമ്മദ് | **മറുപടി**<br>**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|
| എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് കാറ്ററിംഗ് വർക്കേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ഭാരവാഹികൾ 2000-2010 കാലയളവുകളിൽ സംഘം ഫണ്ടിൽ നിന്നും പണം അപഹരിച്ചിട്ടുള്ളതായി സഹകരണ വകുപ്പ് നടത്തിയ അന്വേഷണത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; | (എ) ഉണ്ട്. |
| ബി) അന്വേഷണങ്ങളിൽ കുറ്റക്കാരായി കണ്ടെത്തിയവരിൽ നിന്ന് സഹകരണ നിയമവും ചട്ടവും വ്യവസ്ഥ ചെയ്യുന്ന സർചാർജ്ജ് ചുമത്തി നഷ്ടപ്പെട്ട തുക ഈടാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;<br><br>സി) സംഘം ഫണ്ടിൽ നിന്നും പണാപഹരണം നടത്തിയവർക്കെതിരെ കേസുകൾ ചാർജ്ജ് ചെയ്ത് അവരുടെ വസ്തുവകകളിൽ നിന്ന് തുക ഈടാക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) യും (സി) യും ആഡിറ്റ് റിപ്പോർട്ടും വിശദ പരിശോധനയും പ്രകാരം കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ ബാദ്ധ്യത തിട്ടപ്പെടുത്തുന്നതിനും സർചാർജ്ജ് നടപടികൾ സ്വീകരിച്ച് സംഘത്തിന് നഷ്ടപ്പെട്ട തുക വീഴ്ചവരുത്തിയവരിൽ നിന്നും ഈടാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ